പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 373 — 06.03.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി വില്പന.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് വൈദ്യുതി വില്പന നടത്തിയിട്ടുണ്ടോ ; എങ്കിൽ മൊത്തം എത്ര യൂണിറ്റ് വൈദ്യുതിയാണ് വിറ്റിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ഇല്ല.<br>2011 ആഗസ്റ്റ് മാസത്തിൽ 21.02 മില്ല്യൻ യൂണിറ്റ് വൈദ്യുതി, 2012 മാർച്ച് മാസത്തിൽ വൈദ്യുതി ക്ഷാമം രൂക്ഷമാകാൻ സാദ്ധ്യതയുള്ള കാലയളവിൽ തിരികെ തരാമെന്നുള്ള വ്യവസ്ഥയിൽ ജി.എം.ആർ. എനർജി ട്രേഡിംഗ് കമ്പനി ലിമിറ്റഡ് **(GMRETL)** എന്ന ട്രേഡർ മുഖേന ബി.എസ്.ഇ.എസ് രാജധാനി പവർ ലിമിറ്റഡിന് **(BRPL)** വായ്പയായി നൽകിയിട്ടുണ്ട്.<br>അതുപോലെ 2011 സെപ്തംബർ മാസത്തിൽ, 18.79 മില്ല്യൻ യൂണിറ്റ് വൈദ്യുതി, 2012 ഫെബ്രുവരി മാസത്തിൽ തിരികെ തരാമെന്നുള്ള വ്യവസ്ഥയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NTPC വൈദ്യുതി വ്യാപാര കമ്പനി മുഖേന ആന്ധ്രാപ്രദേശിന് വായ്പയായി നൽകിയിട്ടുണ്ട്. |
| (ബി) ഒരു യൂണിറ്റ് വൈദ്യുതി എത്ര രൂപയ്ക്കാണ് വിൽപ്പന നടത്തിയതെന്ന് വെളിപ്പെടുത്തുമോ ; | (ബി) ബാധകമല്ല.. |
| (സി) ഈ കാലയളവിൽ ആവശ്യത്തിലധികം വൈദ്യുതി ഉല്പാദിപ്പിക്കുവാനുണ്ടായ കാരണം എന്താണ് ; | (സി) 2011 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ മഴ സുലഭമായി ലഭിച്ചതിനെ തുടർന്ന് ജലസംഭരണികളിലെ ജല |

നിരപ്പ് ഉയർന്നതുമൂലം ജലം കവിഞ്ഞൊഴുകി പാഴായി പോകുന്നതു പരമാവധി കുറക്കുന്നതിനു വേണ്ടി ജലവൈദ്യുത ഉൽപ്പാദനം വർദ്ധിപ്പിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| (ഡി) | അമിതമായി ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി സൂക്ഷിച്ച്വയ്ക്കാൻ ആവശ്യമായ സംവിധാനങ്ങളുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ.